(ബി) സ്വകാര്യ ദേവസ്വം ജീവനക്കാരിൽ ഭൂരിഭാഗവും തുച്ഛമായ വേതനം പറ്റി കഴിയുന്നവരാണെന്നത് കണക്കിലെടുത്ത് ഇവരുടെ ക്ഷേമത്തിന് ക്ഷേമനിധി ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) ഈ മേഖലയിലെ അവശതയനുഭവിക്കുന്നവർക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികളൊന്നും ദേവസ്വം വകുപ്പിന്റെ പരിഗണനയിലില്ല.

ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

66 [2035] ശ്രീ. വി. ഡി. സതീശൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗതൻ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മലബാർ പ്രദേശത്തെ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിന്റെ ആനുകൂല്യം എത്രപേർക്ക് ലഭിക്കും;

(ഡി) ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവ് എങ്ങനെ സ്വരൂപിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാർ പ്രദേശത്തെ ദേവസ്വം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് സർക്കാർ 29-6-2004-ലെ ജി. ഒ. (എം.എസ്) 225/2004/ആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്. അതുപ്രകാരം സ്പെഷ്യൽ ഗ്രേഡ്, എ ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞത് 1000 രൂപയുടേയും ബി, സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 400 രൂപയുടേയും വർദ്ധന പ്രതിമാസം ലഭിക്കുന്നതാണ്. ഇതിന് 1-7-2003 മുതൽ മുൻകാല പ്രാബല്യവും നൽകിയിട്ടുണ്ട്. 15, 25 വർഷം സേവനം പൂർത്തിയാക്കുന്ന പ്രൊമോഷൻ ലഭ്യമല്ലാത്ത ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കുന്നതാണ്.

(സി) ഇതിന്റെ ആനുകൂല്യം ഏകദേശം 4662 പേർക്ക് ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബരി പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവ് സാമ്പത്തികമായി കഴിവുള്ള ദേവസ്വങ്ങൾ സ്വയം വഹിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദേവസ്വങ്ങൾക്ക് "മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ" നിന്നും ധനസഹായം ലഭ്യമാകും. ഇതിലേയ്ക്കായി സർക്കാർ പ്രസ്തുത ഫണ്ടിലേക്ക് നൽകുന്ന ഗ്രാന്റ് പ്രതിവർഷം 1 കോടി രൂപയിൽനിന്ന് 3 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കാർഷിക വിളകളുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും

67 [2036] ശ്രീ. കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ:
,, എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനക്ഷമത എന്നിവയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിളകളുടെ വിസ്തൃതിയും ഉല്പാദനം-ഉല്പാദനക്ഷമതയുമാണ് കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിളകളുടെ ഉല്പാദനം-ഉല്പാദനക്ഷമതയും, വിസ്തൃതിയുമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉൽപാദനക്ഷമതയിൽ ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തിയ പ്രധാന വിളകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഉല്പാദനക്ഷമതയിൽ കുറവുണ്ടായ വിളകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) വിളകളുടെ വിസ്തൃതിയും ഉല്പാദന-ഉല്പാദനക്ഷമതയും കുറഞ്ഞു വരുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ല്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി, മരച്ചീനി, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നീ വിളകളുടെ വിസ്തൃതിയിൽ കുറവുവന്നിട്ടുണ്ട്. ഉൽപാദനത്തിൽ അരി, ഇഞ്ചി, മഞ്ഞൾ, മരച്ചീനി എന്നിവയിലും ഉല്പാദനക്ഷമതയിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിലും കുറവ് വന്നിട്ടുണ്ട്.

(സി ആന്റ് ഡി) ഒരു വിളയുടെയും വിസ്തൃതി സ്ഥിരമായി നിലനിൽക്കുന്നില്ല. എന്നാൽ നെല്ല്, തേങ്ങ, കുരുമുളക്, നേന്ത്രവാഴ, മരച്ചീനി എന്നീ വിളകളുടെ ഉല്പാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly